പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T4441 — 17.05.2017 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണത്തിൽ സപ്ലൈകോയും മില്ലുടമകളും തമ്മിലുള്ള തർക്കം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) നൂറ് കിലോ നെല്ലിന് 68 കിലോ അരി സപ്ലൈകോയ്ക്ക് നല്കണമെന്ന് സപ്ലൈകോയും മില്ലുടമകളും തമ്മിൽ ധാരണ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കേന്ദ്ര സർക്കാരിന്റെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 100 കിലോഗ്രാം നെല്ലിൽ നിന്ന് 68 കിലോഗ്രാം അരി മില്ലുകാർ സപ്ലൈകോയ്ക്കു നൽകേണ്ടതാണ് എന്ന കാര്യത്തിൽ സപ്ലൈകോയും മില്ലുകാരും തമ്മിൽ ധാരണാപത്രം ഒപ്പിട്ടിട്ടുള്ളതാണ്. |
| (ബി) ഇപ്പോൾ സംഭരിക്കുന്ന നെല്ലിൽ നിന്ന് ഇത്രയും അരി കിട്ടുന്നില്ലെന്ന മില്ലുടമകളുടെ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) നഷ്ടം പരിഹരിക്കുന്നതിന് കൃഷിക്കാർ അധികം നെല്ല് നൽകണമെന്ന് മില്ലുടമകൾ നിർബന്ധം പിടിക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ; | (സി) കേന്ദ്ര സർക്കാരിൻറെ നിബന്ധനയനുസരിച്ച് കർഷകർ നൽകുന്ന 100 കിലോഗ്രാം നെല്ലിൽ നിന്ന് 68 കിലോഗ്രാം അരി മില്ലുകാർ സപ്ലൈകോയ്ക്കു നൽകേണ്ടതാണ്. നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ മാത്രമേ ഇത്രയും അരി സപ്ലൈകോയ്ക്ക് നൽകാൻ സാധിക്കുകയുള്ളൂ. നെല്ലിന്റെ ഗുണമേന്മയിൽ വ്യതിയാനം വരുന്നപക്ഷം, അത് കർഷകർ വൃത്തിയാക്കി നൽകേണ്ടതാണ്. ഈ വിഷയത്തിൽ മില്ലുടമകളും കൃഷിക്കാരും ഉന്നയിച്ചു പോരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ കൈവശം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ഡി) ഇതിനെത്തുടർന്നുള്ള തർക്കത്തിൽ നെല്ലു സംഭരണം മുടങ്ങുകയോ വൈകുകയോ ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി ഉത്പാദിപ്പിക്കപ്പെടുന്ന നെല്ല് സംഭരിക്കുന്നതിൽ വീഴ്ച വന്നിട്ടില്ല. നെല്ലിന്റെ ഗുണമേന്മയിൽ വ്യതിയാനം സംഭവിക്കുന്ന കാര്യങ്ങൾ പ്രധാനമായും ഈർപ്പം, പതിര് എന്നിവയാണ്. ഈർപ്പമുള്ള നെല്ല് കർഷകർ ഉണക്കി നൽകേണ്ടതും പതിര് ഉള്ള നെല്ല് |

പതിര് കളഞ്ഞ് വൃത്തിയാക്കി നൽകേണ്ടതുമാണ്.
ഇക്കാരണങ്ങളാൽ നെല്ല് സംഭരണം വൈകുന്നുണ്ട്.

സെക്ഷൻ ഓഫീസർ